# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1** 09.06.2014- ലെ മറുപടിക്ക്

## മിഷൻ 676 പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബെന്നി ബെഹനാൻ :**<br>**" എം. എ. വാഹീദ് :**<br>**" എ. റ്റി. ജോർജ് :**<br>**" റ്റി. എൻ. പ്രതാപൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് മിഷൻ 676 പദ്ധതികളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് മിഷൻ 676 പദ്ധതികളുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) മൂന്നുവർഷം പൂർത്തിയാക്കുന്ന യു.ഡി.എഫ് സർക്കാരിന് ഇനി 676 ദിവസങ്ങളാണ് ബാക്കിയുള്ളത്. വികസനവും കരുതലുമെന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ച സർക്കാരിന് ഏറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിൽ സർക്കാരിനു ലഭിക്കുകയും ചെയ്തു. ഏറെക്കാലം കാത്തിരിക്കുന്ന നിരവധി കാര്യങ്ങൾ തുടർന്നുള്ള ദിവസങ്ങളിൽ ദിശാബോധത്തോടെയും സമയബന്ധിതമായും ചെയ്തു തീർക്കേണ്ടതുണ്ട്. മിഷൻ 676 എന്ന പേരിൽ ഇവയെ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| (സി) ഏതെല്ലാം വകുപ്പുകളുടെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | (സി) 1. എല്ലാവർക്കും കുടിവെള്ളം - ജലവിഭവ വകുപ്പ്<br>2. എല്ലാവർക്കും വീട് - പട്ടികജാതി വകുപ്പ് & ഭവനനിർമ്മാണ വകുപ്പ്<br>3. ഭൂരഹിതരില്ലാത്ത കേരളം - പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - റവന്യു വകുപ്പ് |

4. മാലിന്യസംസ്കരണം - തദ്ദേശസ്വയംഭരണ വകുപ്പ്.
5. ആരോഗ്യ സുരക്ഷാ പദ്ധതികൾ - ആരോഗ്യ വകുപ്പ്.
6. മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ - മത്സ്യബന്ധനതുറമുഖ വകുപ്പ്.
7. ഐ.ടി. മേഖല സമ്പൂർണ്ണ ഡിജിറ്റൽ സ്റ്റേറ്റ് - വിവരസാങ്കേതിക വകുപ്പ്
8. വ്യവസായ വികസന മേഖലകൾ - വ്യവസായ വകുപ്പ്
9. സാമൂഹ്യസുരക്ഷ പദ്ധതികൾ - സാമൂഹ്യനീതി വകുപ്പ്
10. പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ - പ്രവാസി വകുപ്പ്
11. പച്ചക്കറി സ്വയംപര്യാപ്തത - കൃഷി വകുപ്പ്
12. പൊതുമരാമത്ത് വകുപ്പ്
13. ഉന്നത വിദ്യാഭ്യാസ വകുപ്പ്
14. പൊതു വിദ്യാഭ്യാസ വകുപ്പ്
15. പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന പ്രശ്നങ്ങൾ - പട്ടികവർഗ്ഗ വികസന വകുപ്പ്
16. പട്ടികജാതി വിഭാഗക്കാർക്കുള്ള പ്രത്യേക പദ്ധതികൾ - പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
17. പോലീസ് - ആഭ്യന്തര വകുപ്പ്.
18. ജയിൽ - ആഭ്യന്തര വകുപ്പ്.
19. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് - ആഭ്യന്തര വകുപ്പ്.
20. ഖാദി ഗ്രാമ വ്യവസായ മേഖല - വ്യവസായ വകുപ്പ്
21. രജിസ്ട്രേഷൻ - റവന്യൂ വകുപ്പ്
22. കയർ വികസനം - വ്യവസായ വകുപ്പ്
23. കൃഷിയും മൃഗസംരക്ഷണ പദ്ധതി - മൃഗസംരക്ഷണ വകുപ്പ്
24. മ്യൂസിയം - മൃഗശാല വകുപ്പ് - സാംസ്കാരിക വകുപ്പ്

(ഡി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) അഞ്ചു രീതിയിലാണ് ഇത് നടപ്പാക്കുക.

1. ഏറ്റവും പ്രധാനപ്പെട്ട പദ്ധതികൾ **നവരത്നപദ്ധതികൾ** എന്നറിയപ്പെടും. വിവിധ വകുപ്പുകളുടെ കീഴിലുള്ള ഈ പദ്ധതികൾ മന്ത്രിമാർക്കു പുറമേ മുഖ്യമന്ത്രിയും മോണിറ്റർ ചെയ്യും. ഏറെ നാളായി കാത്തിരിക്കുന്ന ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറുന്നതാണ്.
2. പ്രധാനപ്പെട്ട **30 വികസനക്ഷേമ സേവന ദൗത്യങ്ങൾ** മന്ത്രിമാരും അവരുടെ വകുപ്പുകളും സമയബന്ധിതമായി നടപ്പാക്കുന്നതാണ്. ഓരോ **ദൗത്യവും** ലക്ഷ്യപ്രാപ്തിയിലെത്താൻ പല പദ്ധതികളും ഉണ്ടാകും.
3. ഇവ കൂടാതെ, മന്ത്രിമാരും അവരുടെ വകുപ്പുകളും വിശദമായ രൂപരേഖ തയ്യാറാക്കി **മറ്റു പദ്ധതികളും** നടപ്പാക്കുന്നതാണ്. ഇവ രണ്ടിന്റെയും വിശദാംശങ്ങൾ മന്ത്രിമാർ പ്രഖ്യാപിക്കും.
4. സർക്കാർ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്കു ലഭ്യമാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ **അഞ്ചിനപദ്ധതികൾ.**
5. വാർഷിക പദ്ധതികളുടെ ആസൂത്രണ ത്തിനും നടത്തിപ്പിനും പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ നേതൃത്വത്തിൽ **വിവിധ പദ്ധതികൾ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ.